"ഭരണഭാഷ-മാതൃഭാഷ"

कुल आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ജോയിന്റ് ഡയറക്ടർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.3905/2024/ധന** **തീയതി,തിരുവനന്തപുരം, 07/05/2024**

പരാമർശം:- 1. 23.02.2024-ലെ നോട്ടിഫിക്കേഷൻ നം.എസ്റ്റാ.ഡി-1/147/2023-ധന
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11/04/2024 തീയതിയിലെ ഡി.കെ.എസ്.എ.1/എസ്റ്റാ.1/2024 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കുസാറ്റ് ഓഡിറ്റ് കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി. ധന്യ ബാലകൃഷ്ണൻ, വടകര നഗരസഭ ഓഡിറ്റ് കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. മനോഹരൻ എം, ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. സതി എ എന്നിവർ 30.04.2024 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. അപ്രകാരം വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഒരു ഒഴിവും ടി ഒഴിവിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നത് വഴി സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തികയിൽ ഒരു ഒഴിവും, സ്ഥാനക്കയറ്റം അനുവദിക്കുന്നത് വഴിയും വിരമിക്കൽ മൂലവും ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തികയിൽ 3 ഒഴിവുകളും നിലവിൽ വരുന്നു. ടി ഒഴിവുകളിലേക്ക് പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. സ്ഥാനക്കയറ്റത്തിനായി ശിപാർശ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ്/വകുപ്പുതല അന്വേഷണ നടപടികളൊന്നും തന്നെ നിലവിലില്ല എന്നും ഇവരുടെ സ്വഭാവ രീതിയും പെരുമാറ്റവും നല്ലതാണെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഡയറക്ടറുടെ ശിപാർശ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1. ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകികൊണ്ടുള്ള നിയമനം:-**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ കുസാറ്റ് ഓഡിറ്റ് കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ ശ്രീമതി. ധന്യ ബാലകൃഷ്ണൻ 30.04.2024 ൽ വിരമിച്ച സാഹചര്യത്തിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലുണ്ടാകുന്ന ഒഴിവിലേക്ക് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഏറ്റവും സീനിയറായ താഴെപ്പറയുന്ന ഉദ്യോഗസ്ഥയെ 118100- 163400 എന്ന ശമ്പള നിരക്കിൽ 1958-ലെ കെ.എസ്.&എസ്.എസ്.ആർ റൂൾ 28(ബി)(i) പ്രകാരം ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര് | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള ഒഴിവിന്റെ കാരണം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ശ്രീമതി വസന്ത പി എസ്. | ജില്ല ഓഡിറ്റ് കാര്യാലയം , വയനാട് | കുസാറ്റ് ഓഡിറ്റ് കാര്യാലയം, കൊച്ചി | ശ്രീമതി ധന്യ ബാലകൃഷ്ണൻ വിരമിച്ചപ്പോഴുണ്ടായ ഒഴിവ് | - |

2. <u>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകികൊണ്ടുള്ള നിയമനം:-</u>

മുകളിലെ ഖണ്ഡിക 1 പട്ടികയിലെ സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം നൽകുന്ന സാഹചര്യത്തിൽ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഏറ്റവും സീനിയറായ താഴെപ്പറയുന്ന ഉദ്യോഗസ്ഥനെ 107800-160000 എന്ന ശമ്പള നിരക്കിൽ 1958 ലെ കെ.എസ്.& എസ്.എസ്.ആർ റൂൾ 28(ബി)(i) പ്രകാരം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേരും തസ്തികയും | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | സീനിയർ ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള ഒഴിവിന്റെ കാരണം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ശ്രീ അനിൽ മാത്യൂ ഐപ്പ് , ഡെപ്യൂട്ടി ഡയറക്ടർ(ഹഗ്രേ) | ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി | ജില്ല ഓഡിറ്റ് കാര്യാലയം , വയനാട് | ശ്രീമതി വസന്ത പി എസ് ന് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ് | - |

3. <u>ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകികൊണ്ടുള്ള നിയമനം:-</u>

മുകളിലെ ഖണ്ഡിക 2 പട്ടികയിലെ ഡെപ്യൂട്ടി ഡയറക്ടർക്ക് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ആയി സ്ഥാനക്കയറ്റം നൽകുന്ന സാഹചര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവും ശ്രീ മനോഹരൻ എം, ശ്രീമതി സതി എ എന്നിവർ 30.04.2024 ൽ സർവ്വീസിൽ നിന്നും വിരമിച്ചപ്പോഴുണ്ടായ 2 ഒഴിവുകളും ചേർത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തികയിലുണ്ടാകുന്ന 3 ഒഴിവുകളിലേക്ക് ഓഡിറ്റ് ഓഫീസർ തസ്തികയിൽ ഏറ്റവും സീനിയറായ താഴെ പറയുന്ന ഉദ്യോഗസ്ഥരെ 63700- 123700 എന്ന ശമ്പള നിരക്കിൽ 1958 ലെ കെ.എസ്.& എസ്.എസ്.ആർ റൂൾ 28(ബി)(i) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേരും തസ്തികയും | നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം | ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള ഒഴിവിന്റെ കാരണം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ശ്രീ ശിവൻ പി എ , ഓഡിറ്റ് ഓഫീസർ (ഹഗ്രേ) | ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ | നഗരസഭ ഓഡിറ്റ് കാര്യാലയം, വടകര | ശ്രീ മനോഹരൻ എം വിരമിച്ചപ്പോഴുണ്ടായ ഒഴിവ് | - |
| 2 | ശ്രീമതി ഷേർളി ജോസഫ് , ഓഡിറ്റ് ഓഫീസർ (ഹഗ്രേ) | നഗരസഭ ഓഡിറ്റ് കാര്യാലയം, പെരുമ്പാവൂർ | ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി | ശ്രീ അനിൽ മാത്യൂ ഐപ്പ് - ന് സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ് | - |
| 3 | ശ്രീ ഷോബി വി പി ,ഓഡിറ്റ് ഓഫീസർ (ഹഗ്രേ) | കാർഷിക സർവ്വകലാശാല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ | ഡയറക്ടറേറ്റ് | ശ്രീമതി സതി എ വിരമിച്ചപ്പോഴുണ്ടായ ഒഴിവ് | - |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി. ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി, എസ്റ്റാ.ഡി 1/52/2024-ധന (ഇ- 2765975)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ